
Parish Bulletin - Jul 08, 2018

St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279

# Jesus Heals the man on the Sabbath




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalayil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverious SVM Ph: 224 432 3217*

***Trustees:***
*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

| Date | Description | Collection Amount |
|---|---|---|
| 6/26/2018 | Novena - St. Anthony | $76.00 |
| 6/28/2018 | Feast 2K18 | $800.00 |
| 6/28/2018 | Novena - St. Jude | $174.00 |
| 6/28/2018 | Regular Mass Collection | $760.00 |
| 6/28/2018 | Building Usage | $700.00 |
| 7/1/2018 | Feast Income | $580.00 |
| 7/1/2018 | Feast Sponsors | $400.00 |
| 7/1/2018 | Summer Camp | $8,158.50 |
| 7/1/2018 | Funeral Donation | $1,000.00 |
| 7/1/2018 | Charity Donation | $1,500.00 |
| 7/1/2018 | Second Collection | $700.00 |
| 6/30/2018 | Manthra | $332.00 |
| 6/30/2018 | Novena - Our Lady of Perpetual Help | $49.00 |
| 7/1/2018 | Sunday Regular Collection | $1,593.00 |
| Total collection for the week ending on 07/01/2018 | | $16,822.50 |

| വരും നാളുകളിൽ | |
|---|---|
| Aug 17 to 19 | **Youth Perunnal 2018** |
| Nov 23 to 26 | റവ.ഫാ.ഡോമിനിക്ക് വാള്മനാൽ നയിക്കുന്ന ത്രിദിന ബൈബിൾ കൺവെൻഷൻ |

## *Wedding Banns*

### Neenu Mathew Pallikunnel

Wedding of Neenu d/o Mathew Chacko and Reji Mathew from Pallikunnel family of St. Mary's Knanaya Catholic Church, Morton Grove, Chicago with Arun Baby s/o Baby and Valsamma from Palathinadiyil family of Holy Family Forane Parish, Rajapuram is scheduled on August 9, 2018.

If there is any canonical impediments, kindly inform the pastor's office.

### *ഫോർത്ത് ഓഫ് ജൂലായ് ഡേ' സെ.മേരിസ് ദൈവാലയത്തിൽ ആചരിച്ചു*

ബുധനാഴ്ച രാവിലെ 10 മണിക്ക് നടന്ന വിശുദ്ധ ബലിയിലും, തിരുക്കർമ്മങ്ങൾക്കും ഫാദർ ബിൻസ് ചേത്തലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അന്നേദിവസം വൈകീട്ട് 9 മണിക്ക് ദിവ്യകാരുണ്യ പ്രദീക്ഷണത്തോടെപള്ളിക്കു ചുറ്റും ഏഴു പ്രാവശ്യം വലയം വെച്ചു കൊണ്ടുള്ള ജെറിക്കോ പ്രാർത്ഥനയും നടത്തപ്പെട്ടു. പഴയനിയമ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത് പോലെ തിന്മകൾ കൊണ്ട് നിറഞ്ഞ് നിന്ന ജെറിക്കോ പട്ടണത്തിൽ ഉയർന്ന നിന്ന മതിലുകൾ തകരുന്നതിന് ദൈവമായ കർത്താവു നൽകുന്ന നിർദ്ദേശം അനുസരിച്ച് പ്രവാചകനായ ജോഷ്വായുടെ നേതൃത്വത്തിൽ വാഗ്ദാനപേടകം വഹിച്ചുകൊണ്ട് കോട്ടക്ക് ചുറ്റും ഏഴുപ്രാവശ്യം ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ട് വലംവയ്ക്കുകയും ഏഴാമത്തെ വലയം വയ്ക്കലിനുള്ളിൽ കോട്ടയുടെ മതിലുകൾ താനെ തകർന്നുവീണു വെന്ന് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.തിന്മയുടെ കോട്ടകൾ തകർക്കുവാൻ ദൈവം നൽകുന്ന അത്യാധുനിക ആത്മീയ ആയുധമാണ് ജെറിക്കോ പ്രാർത്ഥന. സെ മേരിസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട ജെറീക്കോ പ്രാർത്ഥനയിൽ .റവ.ഫാ. തോമസ് മുളവനാൽ, റവ.ഫാ.ബിൻസ് ചേത്തലിൽ, റവ.ഫാ.പോൾ ചാലിശ്ശേരി എന്നിവർ സംയുക്ത കാർമികരായിരുന്നു. നിരവധി ജനങ്ങൾ പ്രാർത്ഥനയിൽ പങ്കെടുത്തു.

### *മോർട്ടൺഗ്രോവ് സെന്റ് മേരീസ് സമ്മർ ക്യാമ്പ് കുട്ടികളുടെ ബട്ടർഫ്ളൈ ദർശനം കൗതുകമായി.*

മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ ബട്ടർഫ്ളൈ-2018 എന്ന പേരിൽ നടന്നുവരുന്ന സമ്മർ ക്യാമ്പിലെ കുട്ടികൾ ബട്ടർഫ്ളൈ എക്സിബിഷൻ കാണുവാനായി നടത്തിയ ഫീൽഡ് ട്രിപ്പ് കൗതുകമുണർത്തി . ചിക്കാഗോ ബൊട്ടാണിക്കൽ ഗാർഡനിലെ എക്സിബിഷനിൽ വച്ചാണ് ബട്ടർഫ്ളൈ കുട്ടികൾ ചിത്രശലഭങ്ങളുമായി സല്ലാപത്തിൽ ഏർപ്പെട്ടത് . പേരുകേട്ട ബൊട്ടാണിക്കൽ ഗാർഡനിലെ അതിവിശിഷ്ടമായ സസ്യലതാതികൾ കാണുവാനും പഠിക്കുവാനും തൊട്ടറിയുവാനും കുട്ടികൾക്ക് അവസരം ലഭിച്ചു . സ്കാവഞ്ചർ ഹണ്ടിലും കുട്ടികൾ പങ്കുചേർന്നു . തുടർന്ന് സമീപത്തുള്ള നിക്കൽ സിറ്റിയിലേക്ക് നടത്തിയ യാത്രയും ഉല്ലാസപ്രദമായി . നിക്കൽ സിറ്റിയിൽ കുട്ടികൾക്ക് നിരവധി സമ്മാനങ്ങൾ നേടാനായി .സെന്റ് മേരീസ് സമ്മർ ക്യാമ്പിന്റെ മൂന്നാം ആഴ്ച നടത്തിയ മൂന്നാം ഫീൽഡ് ട്രിപ്പിന് സിസ്റ്റർ ജൊവാൻ , പി വി മേരിക്കുട്ടി , റോയി ചേലമലയിൽ, ബ്രദർ അങ്കിത് , ഫെലിക്സ് പൂത്തൃക്കയിൽ , റെജിമോൾ വള്ളൂർ, സൽമ നെല്ലാമറ്റം എന്നിവർ നേതൃത്വം നൽകി . യൂത്ത് വോളന്റിയേഴ്സിന്റെ സേവനം ഏറെ സഹായമായി.



കോട്ടയം അതിരൂപതയിലെ സീനിയർ വൈദികനും ക്നാനായ മിഷന്റെ മുൻ ഡയറക്ടറുമായിരുന്ന നിര്യാതനായ ബഹു.സൈമൺ ഇടത്തിപ്പറമ്പിലച്ചന്റെ നാല്പത്തിയൊന്നാം ചരമദിനം ആചരിച്ചു. ജൂലൈ 3 ന് വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയും തുടർന്ന് ഒപ്പീസും,മന്ത്രയായും നടത്തപ്പെട്ടു. ഫാദർ തോമസ് മുളവനാൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



കൈത്താക്കാലം ഒന്നാം ഞായർ / First Sunday of Kaitha

| Jul 08 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | 1 Kgs 18: 30– 39 | Jessy Thottichirayil | |
| 2nd Reading | 1 Cor 1 :09 – 16 | Josha Poothurayil | |
| Gospel | Lk 14 : 07—14 | | |

## സെ.മേരിസിൽ വി.തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിച്ചു

ഭാരതത്തിൻറെ അപ്പസ്തോലൻ വി.തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ മോർട്ടൺഗ്രോവ് സെ.മേരീസ് ക്നാനായ ദേവാലയത്തിൽ ആഘോഷിച്ചു. ജൂലൈ 1 ഞായറാഴ്ച രാവിലെ പത്തു മണിക്ക് ആഘോഷമായി നടത്തിയ തിരുക്കർമ്മങ്ങളിലും വിശുദ്ധ കുർബാനയിലും റവ.ഫാ. തോമസ് മുളവനാൽ മുഖ്യകാർമികത്വം വഹിച്ചു. അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ പുന്നത്തറ പഴയ പള്ളിയുടെ മധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ചിക്കാഗോയിൽ വസിക്കുന്ന പുന്നത്തറ ഇടവകങ്ങളുടെ സഹകരണത്തിലും നേതൃത്വത്തിലും മാണ് നടത്തപ്പെട്ടത്. വി. കുർബാനയ്ക്കുശേഷം ഇടവക വികാരി ഫാ. തോമസ് മുളവനാലിന്റെ നാമഹേതുദിനം ഇടവകയിലെ എക്സിക്യൂട്ടീവ് അംഗങ്ങളും, പാരിഷ് കൗൺസിൽ മെമ്പേഴ്സും,എല്ലാ തോമസ് നാമധാരികളും ഒത്തൊരുമിച്ച് കേക്കുമുറിച്ച് ആചരിച്ചു. തദവസരത്തിൽ എക്സിക്യൂട്ടീവ് യുവജന പ്രതിനിധി അംഗം ടോണി കിഴക്കേക്കുറ്റ് തോമസ് അച്ചന് നാമഹേതു തിരുനാൾ ആശംസിച്ച് സംസാരിച്ചു . ഈവർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ ഒരുമാസത്തോളം അനുദിനം മുടങ്ങാതെ പള്ളിയിൽ വന്ന് വിശുദ്ധകുർബാനയിൽ സജീവമായി സംബന്ധിക്കുന്നതിന് ഏർപ്പെടുത്തിയ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. തിരുനാൾ ആചരണ ചടങ്ങുകളുടെ സുഗമമായ നടത്തിപ്പിന് ചർച്ച എക്സിക്യൂട്ടീവ് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി. നൂറുകണക്കിന് ജനങ്ങൾ പങ്കെടുത്ത തിരുനാൾ ആഘോഷങ്ങളുടെ സമാപനത്തിൽ പുന്നത്തറ ഇടവകാഗംങ്ങൾ സ്പോൺസർ ചെയ്ത സ്നേഹവിരുന്നും ഉണ്ടായിരുന്നു.















# *Summer Camp With Butterflies*







# July 4th Celebrations......









